ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അയ്യ് ഫൻർസ്-ന മസുള്ള കായ്യ് മാണ്. ഞക്കാണെന്നറിഞ്ഞൂകൂടാ.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിലുള്ള ആക്കെങ്കിലും അങ്ങനെ പെർമിറ്റകം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തു് അങ്ങനെയുണ്ടായിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: ഈ രണ്ടുകൊല്ലത്തിനകത്തു നൽകിയിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: മരച്ചീനിപ്പൊടി കയറ്റി അയക്കാൻ അനുവാദം വേണമെന്നു് ഏതെങ്കിലും നിവേദകസംഘം ഗവൺമെണ്ടിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

പേപ്പറും പെട്രോളും കൺട്രോൾ

*നൂറ്റമ്പ. (എ) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പേപ്പർ കൺട്രോൾ, പെട്രോൾ കൺട്രോൾ ഇവ എന്നുമുതൽ നിറുത്തലാക്കി;

(ബി) ഈ വകുപ്പിൽ ജോലിചെയ്തിരുന്നവർ ഇപ്പോൾ ഏതേതു ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്നു; അവരിൽ എത്രപേരെ പിരിച്ചുവിട്ടു?

മരാമത്തും ഗതാഗതവും, കൃഷിയും, വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): പേപ്പർ കൺട്രോൾ ഡയറക്ടറേറ്റും, പെട്രോൾ കൺട്രോൾ ഡയറക്ടറേറ്റും നിറുത്തലാക്കി. ഈ വകുപ്പുകളിൽ ജോലിചെയ്തിരുന്നവരിൽ ഏതാനുംപേർ വകുപ്പുകളിലെ ചില ജോലികൾ പൂർത്തിയാക്കുന്നുണ്ടു്. ഏതാനുംപേർ കൺട്രോളർ ഓഫ് കമ്മോഡിറ്റീസിന്റെ ആഫീസിൽ ജോലിചെയ്യുന്നു. റിട്രെഞ്ച്മെൻറിന്റെ കാര്യം ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. എ. താണുപിള്ള: പെട്രോൾ കൺട്രോൾ നിറുത്തിയതിനുശേഷം പെട്രോൾ ഈ രാജ്യത്തു കൂടുതലോ കുറവോ കൺസ്യൂം ചെയ്യിട്ടുള്ളതു് എന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഫിഗേഴ്സ് ഇല്ല.

ട്രാൻസ്പോർട്ടുവകുപ്പിലെ ഓവർടൈം അലവൻസു്

*നൂറ്റമ്പ. (എ൩) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറ്റു ട്രാൻസ്പോർട്ടു കണ്ടക്ടർമാർ, ഡ്രൈവർമാർ മുതലായവരുടെ ഓവർടൈം അലവൻസു് യഥാസമയം (മാസംതോറും) കൊടുക്കുക പതിവുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഡ്രൈവർ, കണ്ടക്ടർ ഇവരുടെ അലവൻസു് മാസംതോറും, മെക്കാനിക്കൽ സ്റ്റാഫ്, ടയർ സ്റ്റാഫ് ഇവരുടെ അലവൻസു് കാലാർത്തോറും കൊടുക്കാറാണു് പതിവു്. ആഡിറ്റു തടസ്ഥം കാരണം ചിലപ്പോൾ വൈകാറുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതു് അതായതു് ഈ ആഡിറ്റുതടസ്ഥം ഏതു കാരണമാണു് ഉണ്ടായിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly